# ഏദൻതോട്ടത്തിലെ നെല്ലിമരങ്ങൾ

- ബിജോ ജോസ് ചെമ്മാന്ത്ര

(BijoChemmanthara@gmail.com)

ഞങ്ങളുടെ തോട്ടത്തിൽ  വിശിഷ്ടങ്ങളായ നെല്ലിമരങ്ങളുണ്ടെന്നും അതിൽനിന്നും ആവിശ്യത്തിന് നെല്ലിക്കകൾ പറിച്ചുതരാമെന്നും പറഞ്ഞാണ് അയാൾ എന്നേയും ഭാര്യയേയും കൂടെക്കൂട്ടിയത്. അവിടെയെത്തിച്ചേരാൻ കുറെദൂരം നടക്കണമെന്നും എന്നാൽ കുറുക്കുവഴിയിലൂടെയുള്ള ഈ യാത്ര ഒട്ടും വിരസമാവില്ലെന്നും അയാൾ ഉറപ്പ് നൽകിയിരുന്നു. ഇടുങ്ങിയ നടപ്പാതയിലൂടെ നീണ്ട കൈകൾ നീട്ടിവീശി അയാൾ ഞങ്ങളുടെ മുൻപേ നടന്നു. ഇന്നലെപെയ്ത മഴയിൽ കൂമ്പിനിന്ന ചെടികളുടെ  ഇലത്തലപ്പുകളെ തലോടി ഞങ്ങൾ പുറകെയും. അടുത്തെവിടെയോ, ഒരു പക്ഷി  ഞങ്ങളെ പിന്തുടരുന്നതുപോലെ നിറുത്താതെ ചിലച്ചുകൊണ്ടിരുന്നു.

ഈ യാത്ര അവിചാരിതമായിരുന്നു. ഈ സ്ഥലമാകട്ടെ തീരെ അപരിചിതവും. ഇത്തവണ വേനലവധിക്കാലം നാട്ടിൽ പോകേണ്ടെന്നും അമേരിക്കയിൽത്തന്നെ ഒന്നു ചുറ്റാനിറങ്ങാമെന്നുമായിരുന്നു പദ്ധതി.  ഒരാഴ്ചത്തേക്ക്  പറയത്തക്ക ലക്ഷ്യങ്ങളൊന്നുമില്ലാതെ  മിഷിഗൺ സ്റ്റേറ്റിൻറെ പ്രാന്തപ്രദേശങ്ങളിലൂടെ ഒരു യാത്ര.

ഡ്രൈവ് ചെയ്യുന്നതിനിടയിൽ ഞങ്ങൾ അധികം സംസാരിച്ചിരുന്നില്ല. ചെറിയ കാര്യങ്ങൾ, കൂടുതലും, ട്രാഫിക്കിനെക്കുറിച്ചും, പോകുന്ന ദിശയെക്കുറിച്ചും. കാറിനുള്ളിൽ ക്രമേണെ തിക്കുമുട്ടിയ ഞങ്ങളുടെ മൗനങ്ങൾ നിരന്തരം ശ്വാസംമുട്ടിച്ചപ്പോഴാണ് ഒരു കോഫി കുടിക്കാനായി ഹൈവേയിലെ എക്സിറ്റെടുത്തത്. ആ വഴിക്കിരുവശവും ഫാമുകളായിരുന്നു. പുറത്തുള്ള ലോകം തങ്ങൾ പങ്കിടുന്ന സ്ഥലത്തേക്കാൾ യഥാർത്ഥമാണെന്ന മട്ടിൽ ഭാര്യ കാറിന്റെ ഗ്ലാസ് താഴ്ത്തി പുറത്തേക്ക് നോക്കിയിരുന്നു. അവളുടെ വിരലുകൾ ഹാൻഡ് റെസ്റ്റിൽ ക്രമരഹിതമായി താളം പിടിച്ചു. കുറെ ഡ്രൈവ് ചെയ്തു കഴിഞ്ഞപ്പോഴാണ് 'ഏദെൻ' എന്ന ബോർഡ് വെച്ചിരുന്ന ഫാമിന് മുൻപിലായി പഴങ്ങളും പച്ചക്കറികളും വിൽക്കുന്ന ഒരു ചെറിയ സ്റ്റാൾ കണ്ടത്. അവിടെ കാർ നിറുത്തി. സ്റ്റാളിൻറെ ഒരു വശത്ത് വിൽക്കാൻ വെച്ചിരുന്ന നെല്ലിക്കകൾ കണ്ട് നെല്ലിക്കാ അച്ചാറുണ്ടാക്കണമെന്ന് പൊറുപൊറുത്തുകൊണ്ട് ഭാര്യ വിൽപ്പനക്കാരിയായ മെക്സിക്കൻ സ്ത്രീയുടെ അടുത്തേക്ക് നടന്നു. അവർ കുട്ടയിൽനിന്നെടുത്ത് കഴുകിക്കൊടുത്ത നെല്ലിക്ക ഒന്നുകടിച്ചിട്ട് 'നല്ല നെല്ലിക്ക' യെന്നുപറഞ്ഞ് ഭാര്യ മടിച്ച് മടിച്ച് എൻറെ നേരെ നീട്ടി. ഞാനത് കടിച്ചുനോക്കി. അതെ, നല്ല നീരുള്ള നെല്ലിക്ക.

ഞങ്ങൾക്ക് നെല്ലിക്ക ഇഷ്ടപ്പെട്ടെന്ന് കണ്ടിട്ടാവണം അവർ വേറൊരു കുട്ടയിൽനിന്നും വീണ്ടുമൊരെണ്ണമെടുത്ത് കഴുകിത്തന്നു. അത് ആദ്യത്തേതിനെക്കാൾ സ്വാദുള്ള നെല്ലിക്കയായിരുന്നു. മുൻപ് അനുഭവിക്കാത്ത തരം ചവർപ്പും മധുരവും അത് നാവിൽ പടർത്തി. പിന്നീട് ആ സ്ത്രീ അവിടെയിരുന്ന തുണിക്കെട്ടിൽ നിന്നും ഒരു നെല്ലിക്കകൂടി എടുത്തുതന്നു. അത് കടിച്ചതും വായിലെ അതുവരെ ഉണരാത്ത രസമുകുളങ്ങൾ ഉദ്ദീപിപ്പിക്കപ്പെട്ടതായി അനുഭവപ്പെട്ടു. ഒരുനിമിഷത്തേക്ക് താടിയെല്ലിലേക്ക് അരിച്ചിറങ്ങുന്ന ഒരു എരിവ്. പിന്നെ അത്ഭുതമെന്നപോലെ അത് വായിൽ സമ്മിശ്രമായി പുളിയും ചവർപ്പും മധുരവും നിറച്ചു. കുറച്ചു നിമിഷങ്ങൾക്കകം അത് നാവിൽ മധുരം മാത്രം അവശേഷിപ്പിച്ചു. ഞങ്ങൾക്ക് ആ നെല്ലിക്കതന്നെ വാങ്ങണമായിരുന്നു.

''ഈ നെല്ലിക്കാ തീർന്നു. ഇതുപോലെ നീരും രുചിയുമുള്ള മേൽത്തരം നെല്ലിക്കകൾ തോട്ടത്തിലുണ്ട്. കൂടെവന്നാൽ വേണ്ടുവോളം പറിച്ചുകൊണ്ടുപോകാം'' അവിടെ പഴങ്ങൾ കൊണ്ടുവന്ന പെട്ടികൾ അടുക്കിവെച്ചുകൊണ്ടിരുന്ന നരച്ച കുറ്റിത്താടിയുള്ള വെള്ളക്കാരനായ മധ്യവയസ്കൻ ഞങ്ങളെ നോക്കിപ്പറഞ്ഞു. പതിഞ്ഞ ശബ്ദമായിരുന്നു അയാളുടേത്.

ഞങ്ങൾക്ക് ആ നെല്ലിക്കകൾ ഇഷ്ടമായെന്ന് അയാൾക്ക് മനസ്സിലായിക്കാണണം. അവസാന പുകയെടുത്ത് അയാൾ സിഗരറ്റ് വലിച്ചെറിഞ്ഞു. വെയിലത്ത് സ്ഥിരമായി പണിയെടുക്കുന്നതുകൊണ്ടാവാം  അൽപ്പമിരുണ്ട വെളുത്തനിറമായിരുന്നു അയാൾക്ക്. കാൽമുട്ട് വരെ നീളമുള്ള കാക്കി നിക്കറും വട്ടക്കഴുത്തുള്ള വെളുത്ത ടീഷർട്ടുമായിരുന്നു വേഷം. തന്റെ പേര് ലോറൻസ് എന്നുപറഞ്ഞ് അയാൾ സ്വയം പരിചയപ്പെടുത്തി.

അങ്ങനെ ലോറൻസ് ഞങ്ങളേയും കൂട്ടി തോട്ടത്തിലേക്ക് നടന്നു.  ഫ്രാൻസിൽനിന്നും അമേരിക്കയിലേക്ക് വളരെ പണ്ട് കുടിയേറിയ കർഷകകുടുംബത്തിന്റെതാണ് ഈ ഫാമെന്നും താൻ ആ കുടുംബത്തിലെ ഈ തലമുറയിലെ ഒരു അംഗമാണെന്നും അയാൾ പറഞ്ഞു. അമേരിക്കയിതന്നെ നെല്ലിക്കാ തോട്ടങ്ങൾ വിരളമാണെന്നും ആരേയും ഇവിടേക്ക് കൊണ്ടുവരാറില്ലെന്നും അർഹതപ്പെട്ടവർക്കേ അതിനുള്ള ഭാഗ്യം കിട്ടുകയുള്ളുവെന്നും പറഞ്ഞ് ലോറൻസ് ചിരിച്ചു. ഞങ്ങൾ ഇന്ത്യയിൽ നിന്നും ഇവിടെ കുടിയേറിയവരാണെന്ന് സൂചിപ്പിച്ചപ്പോൾ ഒരു ഇന്ത്യക്കാരൻ ഇവിടെ ജോലിചെയ്തിരുന്നുവെന്നും പ്രായമേറിയപ്പോൾ പിന്നെ വരാതായെന്നും അയാൾ പറഞ്ഞു. സിഗരറ്റ് തീർന്നപ്പോൾ അയാൾ പുതിയതൊന്ന് കത്തിച്ചു.

''ഇന്നെന്തായാലും നല്ല തെളിച്ചമുണ്ട്. ഇന്നലെയെന്തായിരുന്നു മഴ!'' മുകളിലേക്ക് നോക്കി ലോറൻസ് പറഞ്ഞു. ആകാശം വിളറിയതും മേഘങ്ങളില്ലാത്തതുമായിരുന്നു.

അവസാനം കഴിച്ച നെല്ലിക്കയുടെ മധുരം അപ്പോഴും നാക്കിൽനിന്നും പോയിരുന്നില്ല. ചില രുചികൾ കാലങ്ങളും കാതങ്ങളും കടന്ന് വീട്ടിലേയ്ക്കുള്ള വഴിയിലെത്തിക്കും. ചെറുപ്പത്തിൽ അമ്മ നെല്ലിക്ക കറുപ്പിച്ച് വായ് മൂടിക്കെട്ടിയ ചെറിയൊരു ഭരണിയിൽ സൂക്ഷിച്ചിരുന്നു. മീൽസേഫിൻറെ രണ്ടാം തട്ടിലെ വലതുഭാഗത്താണ് പലതരം അച്ചാറുകൾ സൂക്ഷിക്കാറുണ്ടായിരുന്നത്. ഇപ്പോഴും ആ തട്ടിൽ ഭരണിയുടെ വട്ടങ്ങൾ കാണാം. ചെറുതും വലുതുമായ വട്ടങ്ങൾ. എത്ര തുടച്ചാലും അത് മാഞ്ഞിരുന്നില്ല. ഓർമ്മകൾക്ക് അയവിറക്കുവാൻ കാലം അവശേഷിപ്പിച്ച ചില അടയാളങ്ങൾ. ഒരു പക്ഷേ അവിടെ ഇപ്പൊഴും അച്ചാറുകളുടെ നേരിയ ഗന്ധം കണ്ടേക്കാം. ആ ഭരണികളൊക്കെ ഇപ്പോൾ എവിടെയാണാവോ? അനിയൻ താമസിക്കുന്ന കുടുംബവീട്ടിലേക്കുള്ള യാത്രകൾ പിന്നീട് ഹ്രസ്വസന്ദർശനങ്ങളായി മാറിയിരുന്നല്ലോ.

ഓർമ്മകൾ തിരയുന്ന പക്ഷിയെന്നപോലെ മനസ്സ് തുരുത്തുകളിൽ നിന്നും തുരുത്തുകളിലേക്ക് പറന്നു. ചില ഓർമ്മത്തുണ്ടുകൾ നെഞ്ചിലെ ചാരം മൂടിക്കിടന്ന കനൽകട്ടകൾ ഊതി ജ്വലിപ്പിക്കുന്നു. കണ്ണുകളെ ഈറനാക്കുന്നു. വിരളമായെങ്കിലും ചിലപ്പോൾ അവയ്ക്ക് വരണ്ട ചൊടികളിൽ പുഞ്ചിരി വിടർത്താനുമാവും. ചിലനേരങ്ങളിൽ സ്മരണകൾ വിഷപ്പാമ്പുകളായെത്തും, അവയുടെ വിഷംതീണ്ടി ഏറനേരം മയങ്ങിക്കിടക്കേണ്ടിവരും.

പ്രവാസമെന്നേ വെറുത്തതാണ്. കൂട്ടിക്കിഴിക്കലുകളിൽ നഷ്ടങ്ങളുടെ ത്രാസ്സ് താന്നുകിടന്നു. ഏകപുത്രൻ ഫിലിപ്പിൻറെ മെഡിക്കൽ പഠനം കഴിഞ്ഞാലുടൻ തിരിച്ച് നാട്ടിലേക്ക് പോകണം. ഭാര്യയ്ക്കാകട്ടെ ഇവിടെത്തന്നെ തുടരുവാനാണ് താൽപ്പര്യം. ഇരുവശങ്ങളിലേക്ക് വളരുന്ന ശാഖകളായി ഞങ്ങൾ എന്നേ പിരിഞ്ഞിരുന്നു. രണ്ടു വശത്തേക്കും സൂര്യപ്രകാശം തേടി വളർന്ന ശിഖരങ്ങൾ.

എന്റെ ചിന്തകളെ മുറിച്ചുകൊണ്ട് അയാൾ പറഞ്ഞു. ''എന്റെ കുട്ടിക്കാലത്ത് ഇതൊരു ആപ്പിൾ തോട്ടമായിരുന്നു.'' സിഗരറ്റ് ചുണ്ടിൽവെച്ചുള്ള അയാളുടെ സംസാരം പലപ്പോഴും അത്ര വ്യക്തമായിരുന്നില്ല.

''അമൃതിന് തുല്യമാണ് നെല്ലിക്ക. നിത്യയവ്വനത്തിനുള്ള ഔഷധത്തിലെല്ലാം ഇതുണ്ട്. ചില നെല്ലിമരങ്ങൾക്ക് നൂറ്റാണ്ടുകളുടെ ആയുസ്സാ." നെല്ലിക്കാ മഹാത്മത്തെക്കുറിച്ച് ലോറൻസ് വാചാലനായി. അവിടെ നേരത്തെ ജോലിചെയ്തിരുന്ന ഇന്ത്യാക്കാരൻ ഇങ്ങനെ പലപ്പോഴും പറയുമായിരുന്നുവത്രേ.

വഴിയിൽ നിന്നിരുന്ന ഒരു മരത്തെ കൈചുറ്റി ഒരഭ്യാസിയെപ്പോലെ ലോറൻസ് അപ്പുറം കടന്നു. ''സൂക്ഷിച്ച്'' അയാൾ ഒന്നുനിന്ന് ഞങ്ങളിലേക്ക് തിരിഞ്ഞിട്ട് പറഞ്ഞു. കുറച്ചു നടന്നു ക്ഷീണിക്കുമ്പോൾ അയാൾ കൈവശം സൂക്ഷിച്ചിരുന്ന നെല്ലിക്ക ഞങ്ങൾക്ക് തരുമായിരുന്നു. ഈ ദൂരമിത്രയും താണ്ടാൻ ഞങ്ങൾക്കത് ഉൻമേഷമേകി.

''ഡോ. ജാനെറ്റിനെ വിളിച്ചോ? ഈയാഴ്ച വരില്ലെന്ന് പറയണ്ടേ?'' ഭാര്യ ചോദിച്ചു.

ഞാൻ ഫോണിലേക്ക് നോക്കി.

''ഇവിടെ റിസെപ്ഷനില്ല. തിരിച്ചു വഴിയിലെത്തിയിട്ടു വിളിക്കാം''

തിരിച്ചെത്താൻ താമസിക്കുമെന്നതിനാൽ ഫാമിലി കൌൺസിലറുമായുള്ള ഈയാഴ്ചത്തെ അപ്പോയിൻറ്മെൻറ് മുടങ്ങിയേക്കും. ഒരു വർഷമായി തുടരുന്ന കൌൺസിലിംഗ് ഒരു ചടങ്ങായിമാറിയിരുന്നു. ജാനെറ്റ് നിർദ്ദേശിച്ചിട്ടാണ് ഇങ്ങനെ ഒരുമിച്ചൊരു യാത്രയ്ക്ക് തയ്യാറെടുത്തത്. ബന്ധത്തിലെ അയഞ്ഞ കണ്ണികൾ മുറുകുവാൻ ഇത്തരം യാത്രകൾ സഹായകമാകുമത്രേ. ഉരഞ്ഞു തേഞ്ഞു ദുർബലമായ കണ്ണികൾ എങ്ങനെയാണ് വീണ്ടും മുറുകുക?

ഞങ്ങളുടെ ഇടയിലെ ആശയസംവേദനത്തിൻറെ വഴികൾ കാടുപിടിച്ച് സഞ്ചാരയോഗ്യമല്ലാതായിരുന്നു. പറയാത്തവയും, പറയാൻ ശ്രമിച്ചിട്ടും പരാജയപ്പെട്ടതുമായ എത്രയോ കാര്യങ്ങൾ അവിടെ കാടായി പടർന്നുനിന്നിരുന്നു. വർഷങ്ങൾകൊണ്ട് ഞങ്ങൾക്കിടയിൽ രൂപപ്പെട്ട നിശബ്ദതയ്ക്കു ആഴവും പരപ്പും കൂടി. കൌൺസിലിംഗും മെഡിക്കൽ അപ്പോയ്മെൻറുമൊക്കെ ഓർപ്പിക്കൽ മാത്രമായി സംസാരം ചുരുങ്ങി. അല്ലാതെയുള്ള വർത്തമാനങ്ങൾ എങ്ങനെയോ വഴക്കുകളായി രൂപാന്തരപ്പെട്ടു. ഓരോവാക്കുകളും തേനീച്ചക്കൂട്ടിലേക്കെറിയുന്ന കല്ലുകളായി. ഗ്രനേഡുകൾ കുഴിച്ചിട്ടിട്ടുള്ള യുദ്ധഭൂമിയിലൂടെ നടക്കാൻ ഞങ്ങൾ സ്വയമേ പരിശീലിച്ചിരുന്നു. കാലാന്തരേ അവിടേയ്ക്ക് കടക്കാതിരിക്കാനുള്ള തിരിച്ചറിവ് ഞങ്ങൾ സ്വായത്തമാക്കുകയായിരുന്നു.

"ഇവിടെ ഉണ്ടാകുന്ന നെല്ലിക്കകൾക്ക് പല ഗുണങ്ങളുമുണ്ട്. അത് നിങ്ങൾക്ക് പതിയെ മനസ്സിലാകും" ഞങ്ങളുടെ മൂളലിനോ ഉത്തരത്തിനോ കാക്കാതെ ലോറൻസ് തുടർന്നു.

നടക്കുമ്പോൾ ഭാര്യ എന്നോട് സൂക്ഷിച്ചിരുന്ന അകലം കുറഞ്ഞുവന്നു.

"ഇവിടെ തുടങ്ങുന്നു ഞങ്ങളുടെ ഏദൻതോട്ടം." ലോറൻസ് പറഞ്ഞു.

പുഷ്പങ്ങളും പൂവള്ളികളും കനികളും ശലഭങ്ങളും നിറഞ്ഞ് വർണ്ണാഭമായ ഒരു പ്രദേശം. അവിടുത്തെ വായുവിന് പുളികലർന്ന മധുരത്തിൻറെ ഗന്ധമായിരുന്നു. ഇവിടുത്തെ ഇളംകാറ്റിനുപോലും രുചിമുകുളങ്ങളെ എങ്ങനെ ഉദ്ദീപിപ്പിക്കാനാവുന്നു? ഇത് ഒരു മാന്ത്രികലോകമോ?

“ഇവിടെ ചുവപ്പും, മഞ്ഞയും, പച്ചയും നിറമുള്ള നെല്ലിക്കകൾ കായ്ക്കുന്ന വിവിധതരം നെല്ലിമരങ്ങളുണ്ട്. പല ദേശങ്ങളിൽനിന്നും കൊണ്ടുവന്നതാണ്'' അയാൾ പറഞ്ഞു.

അതെ, നല്ല വലിപ്പവും നിറവുമുള്ള  നെല്ലിക്കകൾ നിറഞ്ഞ അസംഖ്യം നെല്ലിമരങ്ങൾ അവിടെയുണ്ടായിരുന്നു. അവിടെ ഒടിഞ്ഞുവീണുകിടന്ന നെല്ലിയിൽനിന്നും പുതിയ ചെറുനാമ്പുകൾ വളരുന്നുണ്ടായിരുന്നു. അതിന് ഇടയിൽനിന്ന ഒരു ഉണങ്ങിയ കുറ്റി അയാൾ പിഴുതുമാറ്റി.

"തകർന്നടിഞ്ഞാലും വീണ്ടും തളിരിടാനുള്ള ഊർജ്ജം ഓരോ ജീവജാലങ്ങളിലും പ്രകൃതി ഒരുക്കിയിട്ടുണ്ട്." ലോറൻസ് പറഞ്ഞു.

ഭാര്യ എന്നോട് പറ്റിച്ചേർന്നു നടന്നു.

ആ തോട്ടത്തിലെ പക്ഷികൾക്ക് കാക്കകളുടെ രൂപസാദൃശ്യം ഉണ്ടായിരുന്നുവെങ്കിലും കൂടുതൽ ഭംഗിയും വലിപ്പവുമുണ്ടായിരുന്നു. ഇണപ്പക്ഷികളായി ചില്ലകളിൽ മുട്ടിയുരുമ്മിയിരുന്ന അവരുടെ ശബ്ദം കൂടുതൽ മധുരിതമായിരുന്നു.

“ഇവ?'' പക്ഷികളെ നോക്കി ഞാൻ ചോദിച്ചു.

“തോട്ടത്തിലുള്ള പക്ഷികളാണ്. ഇവർ ഇവിടം വിട്ടു പോകില്ല. ഈ നെല്ലിക്കകൾ തിന്ന് ഇവയുടെ രൂപവും ഭാവവുമൊക്കെ മാറിയതാണ്''

ഞാൻ ഭാര്യയെ നോക്കി. അവളുടെ കണ്ണുകൾ ചക്രവാളത്തെ പിന്തുടരുന്നു, അവിടെ ആകാശം അകലയുള്ള വയലുകളെ തൊടുന്നുണ്ടായിരുന്നു. ആ മുഖം എന്നത്തേയും പോലെ വായിക്കാൻ പറ്റുന്നില്ല. അവൾ ഓർമ്മകളിൽ എന്തോ തിരയുകയാവാം.

എന്റെ ചിന്തകളെ ചവിട്ടിയുടച്ചുക്കൊണ്ട് ഉയരം കുറഞ്ഞ, പ്രായമായ ഒരാൾ തൻറെ പൊക്കത്തിനെക്കാൾ നീളമുള്ള ഒരു വടിയും പിടിച്ച് മരങ്ങളുടെ ഇടയിൽനിന്നും നടന്നുവന്നു.  അമേരിക്കൻ ഗോത്രവംശത്തിൽപെട്ട ഒരു നേറ്റിവ് അമേരിക്കൻ. അയാളുടെ ചർമ്മത്തിന് മണ്ണിന്റെ തവിട്ടുനിറമായിരുന്നു. വെള്ളിനിറമുള്ള നീണ്ട തലമുടി അയഞ്ഞ നിലയിൽ കെട്ടിയിരുന്നു. മുഖത്ത് ഏതാനും മുടിയിഴകൾ വീണുകിടന്നു. നടക്കുമ്പോൾ ഇടത്തുകാലിന് ഒരു ഏന്തുള്ളതായി തോന്നി. പതിഞ്ഞ നാസികയുണ്ടായിരുന്ന ആ മനുഷ്യൻ വായിൽ സൂക്ഷിച്ചിരുന്ന പുകയില ചവച്ചുകൊണ്ട് ഞങ്ങളെ മാറിമാറി നോക്കി. ആ നോട്ടം പറയാത്ത സത്യങ്ങളുടെ പാളികൾ കണ്ടെത്തുന്നതായി തോന്നി. ഞങ്ങൾ പരസ്പരം മറയ്ക്കാൻ ശ്രമിച്ച ഇടങ്ങൾ അയാൾക്ക് കാണാനാകുന്നതുപോലെ. അപ്പോളടിച്ച കാറ്റ് അയാളുടെ മുടിയിഴകൾ ഒന്നിളക്കി.

"ഇത് തോട്ടം സൂക്ഷിപ്പുകാരനാ. .. പേര് മാങ്" ലോറൻസ് പറഞ്ഞു. ചിപ്പേവ ഗോത്രത്തിൽപ്പെട്ട മാങിന്റെ പൂർവ്വികർ തലമുറകളായി ഈ തോട്ടം നോക്കിയിരുന്നുവെന്നും, വളരെക്കാലം മുൻപ് അയാളുടെ ഭാര്യയും മറ്റ് കുടുംബാംഗങ്ങളും ഒരു പകർച്ചവ്യാധിയിൽ മരിച്ചതാണെന്നും ലോറൻസ് കൂട്ടിച്ചേർത്തു.

ലോറൻസ് അയാളുടെ അടുത്തുചെന്ന് എന്തോ പറഞ്ഞു. മാങ് ഞങ്ങളെ നോക്കിച്ചിരിച്ചു. കൊച്ചുകുട്ടിയെപ്പോലെ നിഷ്കളങ്കമായ ചിരി. ആ പല്ലുകൾ മഞ്ഞനിറമായിരുന്നുവെങ്കിലും അയാളുടെ കണ്ണുകൾ മൂർച്ചയുള്ളതും തിളക്കമുള്ളതുമായിരുന്നു. മാങ് നിങ്ങൾക്കുള്ള നെല്ലിക്കകൾ പറിച്ചുതരുമെന്നും താൻ അടുത്ത കൃഷിയിടത്തിലേക്ക് പോകുകയാണെന്നും പറഞ്ഞു ഞങ്ങളെ അയാളോടൊപ്പം വിട്ട് ലോറൻസ് മറ്റൊരു തൊടിയിലേക്ക് നടന്നു.

മാങ് അല്പം വ്യത്യസ്തമായ  ഉച്ചാരണ രീതിയിൽ ഞങ്ങളെ ആ തോട്ടത്തിലേക്ക് സ്വാഗതം ചെയ്തു. ദൂരനിന്ന് കാലത്തിന്റെ പാളികളിലൂടെ സംസാരിക്കുന്നത് പോലെയായിരുന്നു അയാളുടെ ശബ്ദം.

മുള്ളുള്ള കുറ്റിക്കാടുകളും പിണഞ്ഞ കാട്ടുവള്ളികളും താണ്ടി ഞങ്ങൾ മൂവരും നടന്നു. അയാളെ കണ്ടാൽ ചുറ്റുമുള്ള കൃഷിയിടത്തേക്കാൾ വളരെ പഴയ ഒരു യുഗത്തിൽപ്പെട്ടയാളാണെന്ന് തോന്നിക്കും. ചരിത്രവും മണ്ണും സംസ്കാരവുമെല്ലാം നഷ്ടപ്പെട്ട ഒരു ജനതയുടെ അവസാന പ്രതിനിധിയാണ് അയാളെന്ന തോന്നലായിരുന്നു എന്റെ മനസ്സിൽ.

"നിങ്ങൾ ഇവിടെ ഒറ്റയ്ക്കാണോ താമസിക്കുന്നത്?" ഭാര്യ അയാളോട് ചോദിച്ചു.

“അല്ല, എന്റെ ഭാര്യ ഇവിടെയുണ്ട്.''

ഒരു നിമിഷം ഞങ്ങൾ പരസ്പരം നോക്കി.  "ഭാര്യ?" നെറ്റിചുളിച്ചുകൊണ്ട് അവൾ ചോദിച്ചു..

“അവൾ," മാങ് ശബ്ദം താഴ്ത്തിപ്പറഞ്ഞു, പ്രകൃതിയോട് സംസാരിക്കുന്നതുപോലെ. “അവൾ ഇവിടെയുണ്ട്. ഈ മരങ്ങളിൽ, ഈ ഫലങ്ങളിൽ. മണ്ണിലേക്കിറങ്ങി ജലം തേടുന്ന വേരുകളിൽ"

ഒരു നീണ്ട നിശബ്ദതയ്ക്കു പിന്നാലെ ഒരു ഇളംകാറ്റ് വീശി. മരങ്ങളിലെ ഇലകൾ വിറച്ചു. അപ്പോൾ ഭൂമിക്ക് ജീവനുള്ളതായും ഞങ്ങളോടൊപ്പം ശ്വസിക്കുന്നതായും എനിക്ക് തോന്നി.

അയാൾ തൊടിയിലേക്ക് നോക്കിനിന്നു. കാറ്റ് അയാളുടെ മുടിയുടെ വെള്ളി മുടിയിഴകളെ പിടികൂടി. "ഞങ്ങൾ മരണത്തെ വിശ്വസിക്കുന്നില്ല. അവൾ ഇപ്പോഴും ഇവിടെയുണ്ട്, ഭൂമിയുടെയും വായുവിന്റെയും ഒരു ഭാഗം. മരങ്ങൾക്കിടയിലൂടെയുള്ള ഓരോ കാറ്റും, പാടുന്ന ഓരോ പക്ഷിയും. അത് അവളുടെ ശബ്ദമാണ്. അവൾ എല്ലാം നിരീക്ഷിക്കുന്നു, എന്നെ നയിക്കുന്നു. അവളെ വഹിക്കുന്ന ഈ ഭൂമിയേയും , ഈ കായ് ഫലങ്ങളേയും ഞാൻ പരിപാലിക്കുന്നു."

ആ മണ്ണിൽ എന്നോ നെയ്തെടുത്ത ചിരിയുടെയും കണ്ണീരിന്റെയും പ്രതിധ്വനി ആ വാക്കുകളിലുണ്ടായിരുന്നു. ഭാര്യ അയാളുടെ വാക്കുകൾക്ക് തലയാട്ടി. അയാൾ പറഞ്ഞത് ഞങ്ങൾക്കറിയാവുന്ന ലോകത്തിൽ പെട്ടതല്ലല്ലോയെന്ന ഭാവത്തോടെ അവൾ എന്നെ നോക്കി.

"ചില ഓർമ്മകൾ ഭാരമുള്ളതാണ്, വളരെ ഭാരമുള്ളത്. കാറ്റിനും വഹിക്കാനാവാത്തത്." അയാൾ പൊറു പൊറുത്തു..

"നിങ്ങൾക്കാണ് ഇത് സംഭവിച്ചിരുന്നതെങ്കിലോ? ഇങ്ങനെ ഒറ്റപ്പെട്ട് പോയിരുന്നെങ്കിലോ?" അപ്രതീക്ഷിതമായാണ് അയാൾ എന്നിലേക്ക് ആ ചോദ്യശരമെയ്തത്.

ഞാൻ ഭാര്യയെ നോക്കി. അവൾ ധരിച്ചിരുന്ന ഷർട്ടിന്റെ ബട്ടൻസ്സിൽ വിട്ടുനിന്ന ഒരു നൂൽ വലിച്ചെടുക്കുകയാണ്.

"അറിയില്ല" എനിക്കു മറ്റൊരു ഉത്തരമില്ലായിരുന്നു. അയാൾ ഒന്ന് ഊറിച്ചിരിച്ചു.

അത് അവഗണിക്കാമായിരുന്ന ചോദ്യമായിരുന്നില്ല. അവളുടെ അസാന്നിധ്യം എങ്ങനെയാണ് തന്നെ സ്വാധീനിക്കുക? ഇനിക്കിപ്പോൾ അത് താങ്ങാനാവുമോ? വർഷങ്ങൾക്ക് മുൻപാണ്. ഞങ്ങളുടെ വിവാഹത്തിന്റെ ആദ്യ വാർഷികം കഴിഞ്ഞുള്ള ദിനങ്ങളിലൊന്ന്. അവൾക്ക് മെഡിക്കൽ ട്രീറ്റ്മെൻറിന്റെ ഭാഗമായി ഹോസ്പിറ്റലിൽ കുറച്ചുകാലം നിൽക്കേണ്ടി വന്നിരുന്നു. അവളെ ആശുപത്രിയിലാക്കി ഞാൻ തിരികെയെത്തിയപ്പോൾ വീട് വ്യത്യസ്തമായി തോന്നി. ചുറ്റും അവളുടെ കാൽപ്പെരുമാറ്റമില്ലാത്ത ആ ദിവസം എത്ര ബുദ്ധിമുട്ടിയാണ് താൻ തള്ളിനീക്കിയത്. അതുവരെ അനുഭവിക്കാത്ത ഒരു ഏകാന്തത. ശ്വാസംമുട്ടിക്കുന്ന നിശബ്ദത. വല്ലാത്ത ശൂന്യത. അവളെ ഓർത്ത് ഞാൻ സോഫയിലിരുന്നു. എന്റെ ഉള്ളിൽ അതുവരെ ഉണ്ടാകാത്തതരം അനാഥത്വം അനുഭവപ്പെട്ടു. ആ കുറച്ച് ദിവസങ്ങളിൽ, ഞാൻ നിനക്കാത്ത വിധത്തിൽ അവളെ നഷ്ടമാകുമോ എന്ന ചിന്ത എന്നെ മഥിച്ചു. ഞാനത് അവളോട് പറഞ്ഞിരുന്നില്ല. ആ വൈകാരിക ഭാരം ഇനിക്ക് താങ്ങാവുന്നതിലും അധികമായിരുന്നു. ജീവിതം മുന്നോട്ട് നീങ്ങിയതിനാൽ ആ ദിനങ്ങൾ മറന്നു. മാങിന്റെ ചോദ്യമോ വിചിത്രമായ നെല്ലിക്കകളോ ആ ഓർമ്മകളെ ഉണർത്തുകയായിരുന്നു.

തോട്ടത്തിന്റെ ഒരു ഭാഗത്തെത്തിയപ്പോൾ അയാൾ നിന്നു. അവിടെ ഉയരം കൂടിയ ഒരു നെല്ലിമരം ആവിശ്യത്തിന് സൂര്യപ്രകാശമേറ്റ് വിലാസമായി ശിഖരങ്ങൾ വിരിച്ച് ഒരു രാജ്ഞിയെപ്പോലെ നിന്നിരുന്നു. അതിൽ കായ്ച്ചുകിടന്ന നെല്ലിക്കകൾ സൂര്യപ്രകാശത്തിൽ ഏതാണ്ട് അർദ്ധസുതാര്യമായിരുന്നു. ശരിക്കും ഏദൻതോട്ടത്തിലെ നടുക്കത്തെ മരമെന്നപോലെനിന്ന അതിൽ അനേകം നെല്ലിക്കകൾ ആരെങ്കിലും പറിക്കാൻ കാത്തുകിടക്കുന്നപോലെ തോന്നി. ആ കുറുകിയ മനുഷ്യൻ അതിൻറെ കമ്പിൽനിന്നും പച്ചകലർന്ന ചുവപ്പുനിറത്തിലുള്ള രണ്ട് തുടുത്ത നെല്ലിക്കകൾ തൻറെ കൈയ്യിലിരുന്ന വടികൊണ്ട് പറിച്ചു ഞങ്ങൾക്കുതന്നു.

കൈവിരലുകൾകൊണ്ട് ഞാൻ ആ നെല്ലിക്ക ഒന്നുരുട്ടി. പതിവ് പുളിപ്പ് പ്രതീക്ഷിച്ച് കടിച്ചപ്പോൾ, അത്ഭുതമെന്ന് പറയട്ടെ, മറ്റൊരു ലോകത്തുനിന്നെന്നപോലെ വിചിത്രമായ ഉമിനീരിനെ ത്രസിപ്പിക്കുന്ന മധുരം. അത് നാവിൻറെ രുചിമുകുളങ്ങൾക്കപ്പുറം കടന്ന് മനസ്സിലെവിടെയോ തൊടുന്നുണ്ടായിരുന്നു. തന്നിലെ ഇന്ദ്രിയങ്ങളെ ഉത്തേജിപ്പിക്കുന്നതെന്തോ ഇതിലുണ്ട്. ഭാര്യയുടെ മുഖത്തെ ഭാവപ്പകർച്ചയും അത് വ്യക്തമാക്കി. ഭാരം കുറഞ്ഞതുപോലെ. കണ്ണുകൾക്ക് തെളിച്ചം കൂടുന്നു. എല്ലാം കൂടുതൽ മൂർച്ചയുള്ളതും കൂടുതൽ ഉജ്ജ്വലവുമായി തോന്നി. നിറങ്ങൾ ആഴത്തിലായി. ശബ്ദങ്ങൾ കൂടുതൽ വ്യക്തമാണ്. ഉള്ളിൽ എന്തോ ഉറന്നിരിക്കുന്നതുപോലെ. വായുവിന് പോലും കുളിരേകുന്ന തണുപ്പ്. അങ്ങകലെനിന്നുള്ള ശബ്ദങ്ങൾ കൂടുതൽ വ്യക്തമായി കേൾക്കാനാവുന്നു. ചൂടുകാറ്റിൻറെ കരിയിലക്കിതപ്പും, ചിരിയിലൊളിപ്പിച്ച നേർത്ത വിതുമ്പലുകളും, കടലിരമ്പലിൻറെ ആഴങ്ങളിലെ മർമ്മരങ്ങളും ചെവിയൊന്ന് കൂർപ്പിച്ചാൽ കേൾക്കാനാവുന്നു.

''കല്യാണപ്പിറ്റേന്ന് അമ്മ തന്ന നെല്ലിക്കാ കറുപ്പിച്ചതിൻറെ സ്വാദ്..'' അതു പറഞ്ഞ് ഭാര്യ എൻറെ വിരലുകളിൽ തൊട്ടു. ആ വിരലുകളിലൂടെ ഒരു കാന്തിക തരംഗം എൻറെ ശരീരമാകെ പടർന്നു. അവൾ എന്നെ നോക്കി. അവളുടെ ചുണ്ടുകളിൽ പുഞ്ചിരിയുടെ നിഴലുകൾ. പിന്നെ അവൾ ഒന്നും ഉരിയാടിയില്ല. അപ്പോൾ വാക്കുകൾ ഒട്ടും പ്രധാന്യമുണ്ടായിരുന്നില്ല.

അവിടെ വളർന്നുനിന്നിരുന്ന ചേമ്പിൻറെ ഇലയുടെ മാറിൽ കാർമേഘത്തിൻറെ പെയ്തൊഴിഞ്ഞ മിഴിനീർത്തുള്ളി സൂര്യകിരണത്താൽ തിളങ്ങി.

നെല്ലിക്കയുടെ മധുരം അൽപ്പാൽപ്പമായി കുറഞ്ഞ് കയ്പ്പ് രസമായി.

''ആദ്യം മധുരിച്ചിട്ട് പിന്നെ കായ്ക്കുന്ന നെല്ലിക്ക ഇവിടെ മാത്രമേയുള്ളൂ, ദാമ്പത്യമെന്നപോലെ..'' മാങ് ഞങ്ങളെ നോക്കി മന്ദഹസിച്ചു.

"പുതുമയിനിയുമുണ്ട്." ഒരു നീണ്ട മൌനത്തിനുശേഷം അയാൾ തുടർന്നു.

ഒരൽപ്പസമയത്തിന്  ശേഷം അത് സംഭവിച്ചു. കയ്പ്പുരസം മാറി വീണ്ടും വായിൽ മധുരം നിറഞ്ഞു. ഈ രുചിഭേദങ്ങൾ തന്നിലെ ഓർമ്മയും പശ്ചാത്താപവും ഉണർത്തുന്നു. അയാൾ ഭാര്യയെ നോക്കി, അവളുടെ കണ്ണുകൾ തിളക്കമാർന്നിരുന്നു.

“കയ്ക്കാതെ മധുരിക്കുന്ന നെല്ലിക്കകളുണ്ടോ?” അത്ഭുതം കൂറിക്കൊണ്ട് അവൾ ചോദിച്ചു.

“ഇല്ലല്ലോ.. അങ്ങനെയൊരു അവസ്ഥയില്ലല്ലോ. സുഖവും ദു:ഖവും പോലെ അത് പരസ്പരം ഇണപിരിഞ്ഞു കിടക്കുന്നു?” അയാളുടെ സ്വരം ഒരു അശരീരിപോലെ തോന്നിച്ചു. നിശ്ശബ്ദനായ നിരീക്ഷകനെന്നപോലെ അവിടെ നിന്ന മാങ് ഞങ്ങളുടെ പറയാത്ത സത്യങ്ങളുടെ ഭാരം അംഗീകരിക്കുന്നതുപോലെ സൂക്ഷ്മമായി തലയാട്ടി. പിന്നെ മന്ദസ്മിതംതൂകി നടന്നകന്ന അയാൾ പലതരത്തിലുള്ള നെല്ലിക്കകൾ ശേഖരിക്കാൻ തുടങ്ങി.

സൂര്യകിരണങ്ങൾ നെല്ലിമരച്ചോട്ടിൽ നിഴലുകൾ പാകുന്നുണ്ടായിരുന്നു. ആ നിമിഷത്തിന്റെ ഊഷ്മളതയിൽ, ഭൂതകാലത്തിന്റെ പ്രതിധ്വനികൾ ആ നിഴലുകളിൽ പ്രതിധ്വനിക്കുന്നുണ്ടായിരുന്നു. എന്റെ ഉള്ളിൽ എന്തോ തുടിച്ചു, നെല്ലിക്കയുടെ രസങ്ങൾ എന്നെ പഴയ ഒരു കാലത്തേക്ക് കൊണ്ടുപോയി. ഓർമ്മകൾ ഒരു കാലവർഷ നദിയെന്നപോലെ വന്യമായി ഒഴുകി. വർഷങ്ങളായി ആ രാത്രിയെക്കുറിച്ച് പിന്നെ ഞാൻ ചിന്തിച്ചിരുന്നില്ല. കാലത്തിന്റെ വിള്ളലിലൂടെ അത് വഴുതിപ്പോയിരുന്നു, പിന്നീട് അടിഞ്ഞുകൂടിയ എല്ലാറ്റിന്റെയും ഭാരത്തിൽ മൂടപ്പെട്ടിരുന്നു.

വിവാഹത്തിന് ശേഷമുള്ള ആദ്യ ശൈത്യകാലത്തിലെ മഞ്ഞുവീഴ്ചയുള്ള ഒരു രാത്രി. അവൾക്ക് ആ ദിനങ്ങളിൽ അസുഖത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരുന്നു. അമേരിക്കയിലെ നോർത്ത് ഈസ്റ്റ് മേഖലയാകെ ഭീതിയിലാഴ്ത്തിയ സ്നോ സ്റ്റോമിന്റെ രണ്ടാം ദിവസം. അവൾ സാൻഡ് വിച്ച് ഉണ്ടാക്കികൊണ്ടിരുന്ന സമയത്താണ് പെട്ടന്ന് കറൻറ് പോയത്. വീട്ടിലാകെ ചൂടുപകർന്നിരുന്ന ഇലക്ട്രിക് ഹീറ്ററും പ്രവർത്തിക്കാതെയായി. വീടാകെ കൂരിരുട്ടും കൊടും തണുപ്പും. അവിടെയുണ്ടായിരുന്ന മെഴുകുതിരിവെട്ടത്തിൽ തണുപ്പകറ്റാൻ ഒരു കട്ടിയുള്ള പുതപ്പിനടിയിൽ ഞങ്ങളുടെ ശരീരം ചൂടിനായി ഒട്ടിച്ചേർന്നു. എന്റെ ചങ്കിലെ ചൂടിൽ അവളുടെ നനുത്ത ശ്വാസനിശ്വാസങ്ങളുടെ താളം. മെഴുകുതിരി ജ്വാല മുന്നിൽ അസ്വസ്ഥമായ ആത്മാവെന്നപോലെ പിടഞ്ഞു. അവൾ അന്നൊരു കഥ പറഞ്ഞു. ഒരു മഞ്ഞുമനുഷ്യന്റെ കഥ. സ്വന്തം പ്രതീക്ഷകളുടെ ഭാരത്താൽ തകർന്നുവീണ ഒരു മഞ്ഞുമനുഷ്യനെക്കുറിച്ചായിരുന്നു അത്. കണ്ണുകൾ തുറിച്ചാണ് അവൾ അത് വിവരിച്ചത്. ശിശുസമാനമായ പ്രതീക്ഷയോടെ നിർമ്മിച്ച ഒരു മഞ്ഞുമനുഷ്യൻ. ലോകത്തിന്റെ യാഥാർത്ഥ്യത്തിനുകീഴിൽ തകർന്നുവീഴാൻ മാത്രം ഉണ്ടാക്കപ്പെട്ടതുപോലെ. എന്റെ മനസ്സ് അവളുടെ ശബ്ദത്തിന്റെ ഊഷ്മളതയ്ക്കും മിന്നുന്ന മെഴുകുതിരി വെളിച്ചത്തിനും ഇടയിൽ അകപ്പെട്ടു. പിന്നെയവൾ ചിരിച്ചു. മെല്ലെ ആ കഥയുടെ അസംബന്ധം ഞങ്ങളിൽ ചിരിയുടെ അലകൾ ഉയർത്തി.

അന്ന് ഭിത്തിയിൽ കണ്ട നിഴലുകൾക്കൊപ്പം ഞങ്ങൾ മറുഭിത്തിയിൽ കൈവിരലുകൾകൊണ്ടും ശരീരം കൊണ്ടും പല നിഴൽരൂപങ്ങളുണ്ടാക്കി. ക്രമേണ ചുവരിലെ നിഴലുകൾ വിചിത്രമായ ആകൃതികളിലേക്ക് രൂപാന്തരപ്പെട്ടു. അവിടെ രണ്ട് രൂപങ്ങൾ കെട്ടുപിണഞ്ഞു. ആ പുതപ്പിൽ, ഞങ്ങളുടെ ചിരിയും സ്വപ്നങ്ങളും പ്രകാശിപ്പിക്കുന്ന ഒരു മെഴുകുതിരിവെട്ടത്തിൽ, ഞങ്ങൾ ചലിക്കുന്ന നിഴലുകളായി. അത് ഒരു മഞ്ഞുമനുഷ്യന്റ്റെ രൂപം പൂണ്ടു. അവൾ പറഞ്ഞ കഥയിലെ മഞ്ഞുമനുഷ്യൻ. ആ രാത്രി, ശീതകാല വസ്ത്രങ്ങളുടെ പാളികളിൽ പൊതിഞ്ഞ്, ഞങ്ങളുടെ ഹൃദയങ്ങൾ ഭാരമില്ലാത്തതായി തോന്നി.ഞങ്ങളുടെ ശ്വാസനിശ്വാസങ്ങൾ പുറത്ത് ഇരമ്പുന്ന കാറ്റിന്റെ ശബ്ദവുമായി ഇടകലർന്നു. വീടിന് പുറത്ത്, മഞ്ഞ് വീണുകൊണ്ടേയിരുന്നു.

നെല്ലിക്കയും കടിച്ചുകൊണ്ട് ഭാര്യ എന്റെ ശരീരത്തോട് ഒട്ടിനിന്നപ്പോഴാണ് ഞാൻ ചിന്തകളിൽ നിന്നുണർന്നത്. ഞങ്ങളുടെ നോട്ടങ്ങൾ നിശബ്ദമായ യുദ്ധത്തിൽ അകപ്പെട്ടു. അത് മെല്ലെ ഞങ്ങൾക്കിടയിൽ ഒരു നിശബ്ദ ഉടമ്പടി ഒപ്പുവെക്കുന്നുണ്ടായിരുന്നു, ജീവിതത്തെയും പ്രണയത്തെയും അതുമായി ബന്ധപ്പെട്ട എല്ലാ സങ്കീർണതകളെയും ഉൾക്കൊള്ളുമെന്നുള്ള ഉടമ്പടി. വളരെക്കാലമായി അപസ്വരം മീട്ടിയ വീണക്കമ്പികളിൽ നഷ്ടപ്പെട്ട ഒരു മെലഡി കണ്ടെടുക്കുകയായിരുന്നു ഞങ്ങളുടെ മിഴികൾ.

എൻറെ നരച്ച മുടിയിഴകളിൽ കയ്യോടിച്ച് അവൾ മാറിൽ മുഖം ചേർത്തു. എൻറെ നെഞ്ചിൽ പടർന്ന നനവ് ഹൃദയത്തിൻറെ ആഴങ്ങളിലേക്കരിച്ചിറങ്ങി. അവൾ മെല്ലെ മുഖമുയർത്തി. ഞാനപ്പോൾ വീണ്ടും സ്ഫടിക ജലംപോലെ തെളിഞ്ഞ ഓർമ്മകളുടെ കയത്തിലേക്ക് ഊളിയിടുകയായിരുന്നു. അവളുടെ  നിറമിഴികളിൽ ആദ്യകാല പ്രണയത്തിന്റെ നിലാവെട്ടം. ലജ്ജയാൽ തുടുക്കുന്ന കവിളുകളിൽ ചുഴികൾ വിരിയുന്നു. നയനങ്ങളിൽ കുമ്പിനിന്നിരുന്ന നൊമ്പരപ്പൂമൊട്ടുകൾ ചാരുതമാർന്ന പനിനീർപ്പൂക്കളായി വിരിഞ്ഞു. തുടിക്കുന്ന ചൊടികളിൽ പ്രണയപ്പക്ഷികൾ കുറുകുന്നു. ആ നെല്ലിക്കാനീരിലെ അലൌകിക രസങ്ങൾ പങ്കുവെക്കാൻ ഞങ്ങളുടെ വിറയാർന്ന ചുണ്ടുകൾ തുടിച്ചു.

പ്രണയശിൽപ്പമായിനിന്ന ഞങ്ങളെ കണ്ടിട്ടാവാം അവിടെ കെട്ടിക്കിടന്ന മഴവെള്ളത്തിൽ കൈകോർത്തു നീന്തുന്ന രണ്ടുതവളകൾ ഊറിച്ചിരിക്കുന്നത് കേൾക്കാമായിരുന്നു.

മാങ് പറിച്ചുതന്ന നെല്ലിക്കാകളുമായി തിരികെ കാറിനടുത്തേക്ക് നടക്കുമ്പോൾ, ആകാശം ഇരുണ്ടു തുടങ്ങിയിരുന്നു. അതുവഴി കടന്നുപോയ കാറ്റ് ഭൂമിയുടെയും പഴങ്ങളുടെയും ഒരു പുതിയ സുഗന്ധം പരത്തി. അപ്പോൾ ഞങ്ങൾക്കിടയിലെ നിശബ്ദത ശൂന്യമായിരുന്നില്ല. അതിൽ നിറയെ ഓർമ്മകൾ, സാധ്യതകൾ. പ്രതീക്ഷകൾ. ഒരു പക്ഷേ, ആ നെല്ലിക്കകൾ ഓർമ്മകളിൽ നല്ലവയെ പുനരുജ്ജീവിപ്പിക്കുകയോ മോശമായവയെ മായ്ക്കുകയോ ചെയ്തിരിക്കാം.

" ഒരുമിച്ചുള്ള നമ്മുടെ ആദ്യ യാത്ര ഓർമ്മയുണ്ടോ?" അവൾ ചോദിച്ചു, അവളുടെ ശബ്ദം ആർദ്രമായിരുന്നു,

"തീർച്ചയായും! ആ ചെറിയ പട്ടണത്തിൽ വഴിതെറ്റിപ്പോയത്. '' എന്റെ മറുപടികേട്ട് അവൾ ചിരിച്ചു, അവളുടെ കണ്ണുകൾ ഓർമ്മയിൽ തിളങ്ങി.

" ഞാൻ പറഞ്ഞത് കേൾക്കാതെ ആ കുറുക്കുവഴിയെടുത്തതുകൊണ്ടല്ലേ?...."

" അതുകൊണ്ടല്ലേ നമുക്കന്ന് ആ ബീച്ച് കണ്ടെത്താനായതും ആ സന്ധ്യയിൽ മണൽപ്പരപ്പിൽ തീകൂട്ടി നൃത്തം ചെയ്യുകൊണ്ടിരുന്ന നാടോടികൾക്കൊപ്പം ചേർന്ന് ആടിത്തിമർത്തതും കഥകൾ പറഞ്ഞിരുന്നതും....." ഞാൻ പറഞ്ഞു.

അവളുടെ ചുണ്ടിന്റെ കോണിൽ ഒരു പുഞ്ചിരി വിരിഞ്ഞു. ആ ചിരി മാഞ്ഞപ്പോൾ സുഖകരമായ ഒരു നിശബ്ദത ഞങ്ങളെ പൊതിഞ്ഞു.

"അതെ, അന്ന് ആകാശത്ത് എന്ത് നക്ഷത്രങ്ങളായിരുന്നു. ആസൂത്രണം ചെയ്യാതെ എത്തിച്ചേരുന്ന ഇടങ്ങളും അവിടുത്തെ അനുഭവങ്ങളുമാണ് ജീവിതത്തെ മനോഹരമാക്കുന്നത്." അവളുടെ ചൊടികളിൽ വിരിഞ്ഞ ചിരിയിൽ അപ്പോൾ നെല്ലിക്കയുടെ മാധുര്യം തുളുമ്പി.

ഞങ്ങൾക്കുമുന്നിൽ, നേരത്തെ കാവൽക്കാരനെപ്പോലെ നിന്നിരുന്ന മരങ്ങൾ, കാറ്റിൽ ആടിയുലയുന്ന നീണ്ട, സൗമ്യമായ നിഴലുകൾ വീശി. ഞങ്ങൾ വീണ്ടും അവയുടെ അടിയിലൂടെ കടന്നുപോകുമ്പോൾ, അവളുടെ കൈകൾ എന്റെ കൈകളിലേക്ക് നീണ്ടു. വിരലുകൾ കോർത്തുകൊണ്ട് ഞങ്ങൾ നടന്നു. ഒന്നും മാറിയിട്ടില്ലെങ്കിലും എനിക്ക് വിചിത്രമായ ഒരു ശാന്തത അനുഭവപ്പെട്ടു. ലോകം പഴയതുതന്നെയായിരുന്നു, ഞങ്ങളുടെ ജീവിതവും. എന്നിട്ടും… ഞങ്ങൾ ഇതുവരെ പറയാതിരുന്ന പലതും പറഞ്ഞ് ചിരിച്ചുകൊണ്ട് നടന്നു......

*****************************************